KERALA STATE COUNCIL FOR SCIENCE, TECHNOLOGY & ENVIRONMENT

# Rural Innovator's Meet 2018

**കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ**



# ഗ്രാമീണ ഗവേഷക സംഗമം 2018



എം. എസ്. സ്വാമിനാഥൻ ഗവേഷണ നിലയം
കൽപ്പറ്റ, വയനാട്



**2018 മെയ് 13,14,15** (Tentative)

RIM18
RURAL INNOVATORS MEET



**എം. എസ്. സ്വാമിനാഥൻ ഗവേഷണ നിലയം (MSSRF)**
**ശാസ്ത്ര സാങ്കേതിക വകുപ്പ്, ഭാരത സർക്കാർ (DST)**
**കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (KSCSTE)**

ഒരു രാജ്യത്തെ സാങ്കേതിക പരിജ്ഞാനവും ആ രാജ്യത്തെ പുരോഗതിയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. സാങ്കേതിക പരിജ്ഞാനം ഏറിയ രാജ്യങ്ങൾ എല്ലാം തന്നെ വികസിത രാജ്യങ്ങളും കൂടിയാണ്. ഇന്ത്യ പലമേഖലകളിലും സാങ്കേതികമായി മുന്നിൽ നില്കുമ്പോഴും ഗ്രാമീണ മേഖല ഇന്നും സാങ്കേതികമായും സാമ്പത്തികമായും പിന്നിൽ നില്കുന്ന സ്ഥിതിവിശേഷണമാണുള്ളത്. ഇന്ത്യയുടെ പുരോഗതി, സാങ്കേതിക പരിജ്ഞാനം ഗ്രാമീണ ജനതയിൽ എത്തുന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഇത് ഒരു വലിയ വെല്ലുവിളിയാണ്. ശരിയായ സാങ്കേതിക വിദ്യ കാർഷിക കാർഷികേതര മേഖലയുടെ സമൂലമായ വികസനത്തിനും തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും ഉതകുന്നതാണ്. എന്നാൽ സാങ്കേതിക വിദ്യ ഇന്നും ഗ്രാമീണ ജനതയ്ക്ക് അപ്രാപ്യമായി നില്കുന്നു. ഇത് പരിഹരിക്കുന്നതിനായി ഗ്രാമീണ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും വേണ്ട പ്രോത്സാഹനം ഗ്രാമീണ ഗവേഷകർക്ക് നൽകേണ്ടതും അവരെ ശാസ്ത്ര, സാങ്കേതിക ഗവേഷണ കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തേണ്ടതും അനിവാര്യമാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (KSCSTE) എല്ലാവർഷവും റൂറൽ ഇന്നവേറ്റേഴ്സ് മീറ്റ് സംഘടിപ്പിക്കുന്നത്. RIM 2018 ശാസ്ത്ര സാങ്കേതിക കൗൺസിലും വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന എം. എസ്. സ്വാമിനാഥൻ ഗവേഷണ നിലയവും സംയുക്തമായി സാമൂഹിക കാർഷികജൈവവൈവിധ്യകേന്ദ്രത്തിൽ വെച്ച് സംഘടിപ്പിക്കുന്നു.

## RIM 2018 ന്റെ ലക്ഷ്യങ്ങൾ

1. ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന സാങ്കേതിക വിദഗ്ദ്ധർക്ക് തങ്ങളുടെ സാങ്കേതിക വിദ്യകൾ പ്രദർശിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള അവസരമുണ്ടാക്കുക.
2. ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധർക്ക് അന്യോന്യം അറിവ് പങ്കുവയ്ക്കുന്നതിനും ഗവേഷണ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞരുമായി ആശയവിനിമയം നടത്തുന്നതിനും അവസരം ഒരുക്കുക.
3. കൂടുതൽ സാധ്യതകളുള്ള സാങ്കേതിക വിദ്യകൾ തിരഞ്ഞെടുക്കുകയും സാങ്കേതികമികവിനുവേണ്ടി ഗവേഷണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുകയും സംരംഭകത്വത്തിലേയ്ക്ക് നയിക്കുകയും ചെയ്യുക.
4. ഗ്രാമീണർക്ക് സാങ്കേതിക വിദ്യകൾ കാണുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള അവസരം നൽകുക.
5. ഏറ്റവും മികച്ച സാങ്കേതിക വിദ്യകൾ വികസിപ്പിച്ച ഗ്രാമീണ ഗവേഷകരെ തിരഞ്ഞെടുത്ത് സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുക.
6. ബൗദ്ധിക സ്വത്തവകാശ നിയമത്തെക്കുറിച്ചും ബന്ധപ്പെട്ട ശാസ്ത്രീയ വിവരങ്ങളെക്കുറിച്ചും ഗ്രാമീണഗവേഷകർക്ക് അറിവ് നൽകുക.

# RIM 2018 ന്റെ പ്രധാന പരിപാടികൾ

## 1 മികച്ച ഗ്രാമീണ സാങ്കേതിക വിദ്യ കണ്ടെത്തുന്നതിനുള്ള മത്സരം (Contest)

1.1 ലളിതവും പ്രായോഗികവുമായ സാങ്കേതികവിദ്യകളും ഉൽപന്നങ്ങളുമാണ് മത്സരത്തിന് പരിഗണിക്കുക.

1.2 വ്യക്തികളോ സാങ്കേതിക വിദ്യാർത്ഥികളോ സർക്കാരേതര ഗവേഷണ സ്ഥാപനങ്ങളോ വികസിപ്പിച്ച് എടുത്തവ ആയിരിക്കണം.

1.3 നൂതനത്വമുള്ള സാങ്കേതിക വിദ്യകൾ മാത്രമേ മത്സര വിഭാഗത്തിൽ പരിഗണിക്കുക യുള്ളു. മുമ്പുള്ള RIM -ൽ പങ്കെടുത്തതോ സമ്മാനം ലഭിച്ചതോ നൂതനത്വം നഷ്ടപ്പെടുകയോ ചെയ്തവ പരിഗണിക്കുന്നതല്ല.

**മത്സര വിജയികൾക്ക് താഴെപ്പറയുന്ന രീതിയിൽ സമ്മാനങ്ങൾ നൽകുന്നതാണ്**

| | |
|---|---|
| 2018 ലെ ഏറ്റവും മികച്ച റൂറൽ ഇന്നോവേഷൻ അവാർഡ് | 30,000/- |
| റൂറൽ ഇന്നോവേഷൻ അവാർഡുകൾ | 25,000/- |
| ഗ്രാമീണ മേഖലയിലെ കണ്ടുപിടുത്തങ്ങൾക്കുള്ള പ്രത്യേക സമ്മാനങ്ങൾ | 5,000/- വീതം |
| ഗ്രാമീണ മേഖലയിലെ കണ്ടുപിടുത്തങ്ങൾക്ക് എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കുള്ള പ്രത്യേക സമ്മാനങ്ങൾ (2) | 10,000/- വീതം |

## 2. സാങ്കേതിക വിദ്യകളുടെ പ്രദർശനവും വില്പനയും (Exhibition & Sales)

2.1 വ്യക്തികൾ, സന്നദ്ധസംഘടനകൾ മറ്റു സർക്കാരേതര സ്ഥാപനങ്ങൾ വികസിപ്പിച്ച സാങ്കേതികവിദ്യകൾ പ്രദർശനത്തിന് കൊണ്ടുവരാവുന്നതാണ്.

2.2 നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് വികസിപ്പിച്ച ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്ന തിനും വിൽക്കുന്നതിനും പ്രത്യേക സ്റ്റാളുകൾ അനുവദിക്കുന്നതാണ്.

# രജിസ്ട്രേഷൻ

RIM 2018-ൽ പങ്കെടുക്കാൻ ഗ്രാമീണ ഗവേഷകരും സാങ്കേതികഗവേഷക വിദ്യാർത്ഥികളും ഗ്രാമീണ സാങ്കേതിക വിദ്യയിൽ താൽപര്യമുള്ളവരും ഇതിനോടൊപ്പം നൽകിയിട്ടുള്ള രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് 2018 ഏപ്രിൽ 20-ന് മുമ്പ് താഴെപ്പറയുന്ന മേൽവിലാസത്തിൽ തപാൽ വഴിയോ ഈമെയിൽ വഴിയോ അയച്ചുതരേണ്ടതാണ്.

Co-ordinator, RIM-2018
KERALA STATE COUNCIL FOR SCIENCE TECHNOLOGY AND ENVIRONMENT
Sasthra Bhavan, Pattom, Thiruvananthapuram 695004
E-mail: rim2018kscste@gmail.com

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പറുകളും, ഈമെയിൽ ഐഡിയും
2548230, 2548231, 2548252
04936 204477, 9496205785
director@mssrfcabc.res.in

## പങ്കെടുക്കുന്നവർക്കുള്ള സൗകര്യങ്ങൾ:

RIM 2018-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഗ്രാമീണ ഗവേഷകരിൽ നിന്നും തിരഞ്ഞെടുക്കുന്ന വ്യക്തിക്കും ഗ്രൂപ്പാണെങ്കിൽ പരമാവധി നാല് പേർക്കും യാത്രാചെലവ് (രണ്ടാം ക്ലാസ്സ് റെയിൽ/ബസ്സ്), താമസം, ഭക്ഷണം എന്നിവ നൽകുന്നതാണ്.

### കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (KSCSTE)

കേരള സംസ്ഥാനത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് അടിസ്ഥാനമാകേണ്ട ശാസ്ത്ര സാങ്കേതിക രംഗത്തെ ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സാങ്കേതിക വിദ്യകൾ ജനങ്ങളിലെത്തിക്കുന്നതിനും വേണ്ടി കേരള സർക്കാർ തിരുവനന്തപുരത്ത് സ്ഥാപിച്ച സ്വയംഭരണ സ്ഥാപനമാണ് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ. ഈ സ്ഥാപനത്തിനു കീഴിൽ വിവിധ ഗവേഷണ സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. ശാസ്ത്രജ്ഞർക്കും വിദ്യാർത്ഥികൾക്കും ഗവേഷണ സാഹചര്യമൊരുക്കാനും സന്നദ്ധ സംഘടനകളുമായി ചേർന്ന് ശാസ്ത്ര പ്രചാരണം നടത്താനും വേണ്ടി സാമ്പത്തികമായും സാങ്കേതികമായും സഹായിക്കുന്ന കൗൺസിൽ കേരള സംസ്ഥാനത്തിന്റെ ശാസ്ത്രനയം രൂപീകരിക്കുകയും ശാസ്ത്ര വിഷയങ്ങളിൽ സർക്കാരിനെ ഉപദേശിക്കുകയും ചെയ്തുവരുന്നു. ഗ്രാമീണ വികസനത്തെ ലക്ഷ്യമാക്കി നിരവധി പദ്ധതികൾ കൗൺസിൽ നടത്തിവരുന്നു. നാട്ടുശാസ്ത്രജ്ഞരേയും ഗ്രാമീണ മേഖലയിൽ നൂതനമായ കണ്ടുപിടിത്തങ്ങൾ നടത്തുന്നവരേയും ഒരേ കുടക്കീഴിൽ കൊണ്ടുവരാനും അവർക്ക് ആവശ്യമായ വിജ്ഞാനം പ്രദാനം ചെയ്യുവാനും കണ്ടുപിടുത്തങ്ങളെ പ്രോത്സാഹിപ്പിക്കുവാനും പ്രതിഭാശാലികളെ അംഗീകരിക്കുവാനും ആദരിക്കുവാനും ഗ്രാമീണ ഗവേഷണക സംഗമം (RIM) ആണ്ടുതോറും നടത്തി വരുന്നു.

### എം. എസ്. സ്വാമിനാഥൻ ഗവേഷണ നിലയം (MSSRF)

കാർഷിക ജൈവവൈവിധ്യത്തിന്റെ സംരക്ഷണം, അവയുടെ സുസ്ഥിരവും നീതി പൂർവ്വവുമായ ഉപയോഗം എന്നിവ സാധ്യമാക്കുന്നതിനായി പ്രൊഫ. എം. എസ്. സ്വാമിനാഥൻ സ്ഥാപിച്ച കേന്ദ്രമാണ് സാമൂഹിക കാർഷിക ജൈവവൈവിധ്യകേന്ദ്രം. വയനാട് കേന്ദ്രമായി 1997-ൽ ആണ് സ്ഥാപനം പ്രവർത്തനം ആരംഭിച്ചത്. കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ഭക്ഷ്യപോഷകസുരക്ഷ, ആരോഗ്യസംരക്ഷണം, പരിസ്ഥിതി വിദ്യാഭ്യാസം, സുസ്ഥിരകൃഷി ലക്ഷ്യമാക്കിയ പരിശീലനപരിപാടികൾ, കാർഷികവൈവിധ്യസംരക്ഷണത്തിലധിഷ്ഠിതമായ ഉപജീവന മാർഗ്ഗങ്ങളുടെ പ്രചാരണം, എന്നീ മേഖലകളെ കേന്ദ്രീകരിച്ചിരിക്കുന്നു. കാർഷിക ജൈവവൈവിധ്യസംരക്ഷണം, അവ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, സുസ്ഥിര ഉപയോഗം എന്നീ മേഖലകളിൽ പഠന ഗവേഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

MSSRF

KSCSTE

**എം. എസ്. സ്വാമിനാഥൻ ഗവേഷണ നിലയം**

M.S. Swaminathan Research Foundation
Community Agrobiodiversity Centre
Puthoorvayal, P.O Meppady, Wayanad- 673 577
Phone: 04936 204477,
director@mssrfcabc.res.in,
**website:**mssrfcabc.res.in

**കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ** (KSCSTE)

Kerala State Council for Science
Technology and Environment
Sasthra Bhavan, Pattom,
Thiruvananthapuram 695004
E-mail: kscste@gmail.com
**website:** www.kscste.kerala.gov.in